# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 187

30-11-2015 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളി മേഖലയിലെ സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി 19-08-2015 ൽ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; | (എ) യും (ബി) യും | വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി മേഖലയിലെ സംഘടനാ മേധാവികളുമായി മുഖ്യമന്ത്രി 19.08.2015 ൽ ഔദ്യോഗിക ചർച്ചകൾ നടത്തിയിട്ടില്ല. |
| (ബി) ഏതെല്ലാം സംഘടനകളെ യോഗത്തിന് വിളിച്ചിട്ടുണ്ടായിരുന്നു ; പങ്കെടുത്തവർ ആരൊക്കെ ; യോഗതീരുമാനങ്ങൾ അടങ്ങുന്ന മിനിട്ട്സിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ; | | |
| (സി) പുനരധിവാസ കർമ്മപദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; പദ്ധതി ചെലവ് വഹിക്കുന്നത് സർക്കാരാണോ ; അദാനിയുടെ കമ്പനിയാണോ ; പ്രസ്തുത | (സി) | വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും ആവശ്യമായി വരുന്നത് രണ്ടു വിഭാഗങ്ങൾക്കാണ്.<br>1) സ്ഥലവും വീടും നഷ്ടപ്പെടുന്നവർ.<br>2) തൊഴിൽ ബാധിയ്ക്കുന്നവർ |

| | |
|---|---|
| കർമ്മ പദ്ധതിയ്ക്ക് എന്ത് തുകയാണ് ചെലവ് പ്രതീക്ഷി ക്കുന്നതെന്ന് വ്യക്തമാക്കുമോ? | 1) <u>സ്ഥലവും വീടും നഷ്ടപ്പെടുന്നവർ</u><br><br>വീട് ഉൾപ്പെടുന്ന സ്ഥലം ഏറ്റെടുത്തതുമൂലം ഇതു വരെ 67 കുടുംബങ്ങൾക്കാണ് പുനരധിവാസം ആവശ്യമായി വന്നത്. ഇവരെ പൂർണ്ണ മായും പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇവരുടെ വസ്തുവിന്റെയും മറ്റു സ്ഥാവരജംഗമ വസ്തുക്ക ളുടെയും വിലയ്ക്കു പുറമേ പുനരധിവാസ ത്തിനായി 5 സെന്റ് വസ്തു സൗജന്യമായി നൽകു കയും കൂടാതെ, ഏറ്റെടുത്ത വീടുകളുടെ പഴക്കം കണക്കാക്കാതെ നിലവിലെ വിലയുടെ ഒന്നരയി രട്ടിയും പുനരധിവാസത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട് ഇതിനു പുറമേ ആറു മാസം പുനരധിവാസ കാലയളവായി കണ ക്കാക്കി ഒരു കുടുംബത്തിന് പ്രസ്തുത കാലയള വിലെ വീട്ടുവാടകയും (3250 രൂപ x 6 മാസം= 19500); Hardship Allowance ഉം (3000 രൂപ x 6 മാസം= 18000) നൽകിയിട്ടുണ്ട്. ഇങ്ങനെ മൊത്തം 67 കുടുംബങ്ങൾക്കായി പുനരധിവാസത്തിനായി സൗജന്യമായി വസ്തു നൽകിയ ഇനത്തിൽ ഏക ദേശം 11.39 കോടി രൂപയും വാടകയുടെയും Hardship Allowance ന്റെയും ഇനത്തിൽ ഏക ദേശം 25 ലക്ഷത്തിലധികം രൂപയും നൽകിയിട്ടുണ്ട്.<br><br>2) <u>തൊഴിൽ ബാധിയ്ക്കുന്നവർ</u><br><br>തുറമുഖവികസനം മൂലം പദ്ധതി പ്രദേശത്ത് തൊഴിൽ ബാധിയ്ക്കുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാ സവും നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ Livelihood Impact Appraisal Committee യും (LIAC) അതിന്മേലുയരുന്ന പരാ തികൾ പരിഗണിയ്ക്കുന്നതിനായി തിരുവന ന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാ റാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്മേൽ 18800 ലധികം പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരു ന്നു. പദ്ധതിയുടെ നിർമ്മാണ ആരംഭത്തിനു മുൻപു തന്നെ LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാക്കി നഷ്ടപരിഹാ രവും പുനരധിവാസവും നൽകുവാനാണ് |

ലക്ഷ്യമിടുന്നത്.

മേൽപ്പറഞ്ഞവയ്ക്കു പുറമേ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആഴക്കടൽ മത്സ്യബന്ധന സംവിധാനം ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം, തീരമേഖലയിലെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ 475 കോടി രൂപ 5 വർഷം കൊണ്ട് വിനിയോഗിക്കുന്ന ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പുനരധിവാസം സംബന്ധിച്ച പദ്ധതികളുടെ ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. എന്നാൽ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാദേശിക വികസന പദ്ധതികൾ നടപ്പിലാക്കണമെന്ന് അദാനി കമ്പനിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ